# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 790

## 9.11.2016 - ലെ മറുപടിയ്ക്ക്

### ട്രഷറി നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. നൗഷാദ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.ബാബു | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറി നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; കോർബാങ്കിങ് സംവിധാനത്തോടൊപ്പം എ.ടി.എം. സംവിധാനം കൂടി ഏർപ്പെടുത്തുമോ; | ട്രഷറികളിൽ രണ്ടു തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കുന്ന പ്രവർത്തനമാണ് ഒന്നാമത്തേത്. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ് രണ്ടാമത്തെ നവീകരണ പ്രക്രിയ.<br><br>**ട്രഷറി ഇടപാടുകളിലെ നവീകരണ പദ്ധതികൾ**<br>ട്രഷറി പ്രവർത്തനങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മെച്ചപ്പെട്ട ഉപഭോക് തൃസേവനവും സുതാര്യതയും ഉറപ്പുവരുത്തുക, ആധുനിക കാലഘട്ടത്തിനനുസൃതമായ കടലാസുരഹിത കറൻസി രഹിത ധനഇടപാട് സാധ്യമാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കാൻ ആവശ്യമായ തത്സമയ വിവരശേഖരണങ്ങൾ സാധ്യമാക്കുക എന്ന ലക്ഷ്യവും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൈവരിച്ച പുരോഗതി താഴെ ചേർക്കുന്നു.<br><br>സർക്കാർ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ബില്ലുകൾ, ഓഫീസ് ചെലവുകളുമായി ബന്ധപ്പെട്ട കണ്ടിജന്റ് ബില്ലുകൾ എന്നിവ ഓൺലൈനായി സമർപ്പിച്ച് പ്രോസസ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ചെക്ക് ഡ്രായിംഗ് വകുപ്പുകളെ ഓൺലൈൻ ബിൽ സംവിധാനത്തിൽ കൊണ്ടുവരികയും EMLI സംവിധാനത്തെ ഇതുമായി സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ ബില്ലുകൾ ഓൺ ലൈനായി സമർപ്പിക്കുന്ന രീതിയും നിലവിൽ വന്നുകഴിഞ്ഞു. ബജറ്റ് വിഹിതം ചീഫ് കൺട്രോളിംഗ് ഓഫീസർ വഴി താഴെ തട്ടിലുള്ള DDO ക്ക് ഓൺലൈനായി നല്കുന്ന BAMS (Budget Allocation Management System) ഉം പ്രവർത്തനക്ഷമമായിട്ടുണ്ട്. |

ബാങ്കുകൾ വഴിയുള്ള ശമ്പള വിതരണത്തിലും ഇടപാടുകാർക്ക് പണം വിതരണം ചെയ്യുന്നതിലും ഭാരതീയ റിസർവ് ബാങ്കിന്റെ ഇ-കുബേർ (e-kuber) പോർട്ടൽ വഴി തുക ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി വരവ് വയ്ക്കുന്ന രീതിയും നടപ്പിലാക്കിക്കഴിഞ്ഞു.

ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കോർ ബാങ്കിംഗ് സംവിധാനം ഇതിനകം എല്ലാ ട്രഷറികളിലും ഏർപ്പെടുത്തിക്കഴിഞ്ഞു. ട്രഷറി അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ ഏതു ട്രഷറി വഴിയും ഇടപാടുകൾ നടത്തുവാൻ ഇതുവഴി സാധിക്കുന്നു.

സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഇ-ട്രഷറി സംവിധാനവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി വൈദ്യുതി, വെള്ളക്കരം, KSFE ചിട്ടി, ടെലഫോൺ ചാർജ്, വീട്ടുകരം, നികുതി, സർവകലാശാല ഫീസുകൾ തുടങ്ങിയവ അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിങ് സംവിധാനവും പൂർത്തിയായിട്ടുണ്ട്. നെറ്റ്ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽ വരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനുശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്.

ട്രഷറി സേവിങ്സ് അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പുരോഗമിക്കുന്നു. ഈ സംവിധാനം പൂർത്തിയാവുന്ന മുറയ്ക്ക് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുക അക്കൗണ്ടുടമകൾക്ക് സ്വമേധയാ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും ബാങ്ക് ATM ഉപയോഗിച്ച് പിൻവലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

<table>
<tr><td></td><td></td><td><u>ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി</u><br><br>2016-17 ലെ ബജറ്റ് പ്രഖ്യാപനത്തിനനുസൃതമായി, ഇതിനോടകം സ്വന്തമായി സ്ഥലം കൈമാറിക്കിട്ടിക്കഴിഞ്ഞ 18 ട്രഷറികൾക്കും സ്ഥലം കൈമാറി ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്ന മറ്റ് 18 ട്രഷറികൾക്കും ട്രഷറി ആസ്ഥാനമന്ദിരത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ള മറ്റ് 19 ട്രഷറി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുമുള്ള ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (Treasury Infrastructure Development project) സർക്കാരിന്റെ പരിഗണനയിലാണ്.</td></tr>
<tr><td>(ബി)</td><td>ട്രഷറികളിൽ സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;</td><td>സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി മിക്ക ധനകാര്യ സ്ഥാപനങ്ങളിലും നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ് സ്ഥിരനിക്ഷേപങ്ങൾക്ക് ഇപ്പോൾ ട്രഷറിയിൽ നൽകുന്നത്. ട്രഷറികളിൽ നിലവിലുള്ള പലിശ നിരക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>ട്രഷറി സേവിങ്സ് ബാങ്ക്</td><td colspan="2">5%</td></tr>
<tr><td>സ്ഥിരനിക്ഷേപം</td><td>ജനറൽ</td><td>മുതിർന്ന പൗരൻ</td></tr>
<tr><td>(180 days and above but below 1 year)</td><td>7.5%</td><td>8%</td></tr>
<tr><td>1 year and above but below 2 year<br><br>2 years and above but below 3 years<br><br>3 years and above</td><td>9%</td><td>9.5%</td></tr>
</table>
<br>സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് അധികമായി നൽകുന്ന അര ശതമാനം (0.5%) പലിശ ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയത്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിരനിക്ഷേപമായി ട്രഷറിയിൽ എത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ്. നിക്ഷേപകന് പലിശ നഷ്ടം കൂടാതെ സ്ഥിരനിക്ഷേപം പുതുക്കി നൽകുവാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായിരുന്നു. സ്ഥിരനിക്ഷേപങ്ങളുടെ പ്രതിമാസ പലിശ പുതിയൊരു സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് വരവ് ചെയ്യുന്നതു മൂലം അധിക പലിശ ലഭിക്കാൻ അവസരം ഉണ്ടാക്കിയ തീരുമാനവും സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിരുന്നു.</td></tr>
</table>

| | | |
|---|---|---|
| സി) | **നിലവിൽ ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ** സമീപനമല്ല ഉദ്യോഗസ്ഥരിൽ നിന്നുണ്ടാകുന്നത് എന്ന പരാതികൾ **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥ തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;** | **ചില പരാതികൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകിവരുന്നു.** ആയതുകൊണ്ടു തന്നെ ഇപ്പോൾ ഇത്തരത്തിലുള്ള പരാതികൾ വളരെ കുറവാണ്. കമ്പ്യൂട്ടർ പരിശീലനം ഉൾപ്പടെ നൽകി **ഉദ്യോഗസ്ഥരിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടിയും ട്രഷറി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.** |
| (ഡി) | നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുന്നതിനും **നിക്ഷേപം ആകർഷകമാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും** ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കണമെന്ന് കർശന നിർദേശം **നൽകിയിട്ടുണ്ട്. കൂടാതെ ഇതിനായി പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള** നടപടികൾ ട്രഷറി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പം നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് പലിശ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ